കാരം നൽകിയിട്ടുള്ളത്. ഈ സംസ്ഥാനങ്ങൾക്ക് 2000-01 വർഷത്തേയ്ക്ക് പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച കോർ പ്ലാനുകളും അവയുടെ മുൻവർഷത്തെ പദ്ധതി അടങ്കലുകളും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഈ വർഷത്തെ പദ്ധതി അടങ്കലുകളിൽ യഥാക്രമം 2.3 ശതമാനത്തിന്റെയും 5.4 ശതമാനത്തിന്റെയും 20.8 ശതമാനത്തിന്റെയും 9.7 ശതമാനത്തിന്റെയും കുറവ് വീതമാണുണ്ടായിട്ടുള്ളത്. എന്നാൽ കേരളത്തിന്റെ അടങ്കലിൽ മുൻവർഷത്തെ അപേക്ഷിച്ച് 2.1 ശതമാനം വർദ്ധനയുണ്ടായിട്ടുണ്ട്.

അതുപോലെ 2000-01 വർഷത്തേയ്ക്ക് ആവശ്യപ്പെട്ട പദ്ധതി അടങ്കൽ മുൻ വർഷത്തെ അടങ്കലുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിന്റെ പദ്ധതി അടങ്കലിൽ ഈ വർഷം 8.8 ശതമാനത്തിന്റെയും പശ്ചിമ ബംഗാളിന്റേതിൽ 9.6 ശതമാനത്തിന്റെയും മഹാരാഷ്ട്രയുടേതിൽ 1.4 ശതമാനത്തിന്റെയും പഞ്ചാബിന്റേതിൽ 0.75 ശതമാനത്തിന്റേയും വർദ്ധന ഉണ്ടായപ്പോൾ ഉത്തർപ്രദേശിന്റേതിൽ 8.8 ശതമാനത്തിന്റെ കുറവുണ്ടാകുകയാണ് ചെയ്തത്.

2000-01 വർഷത്തേയ്ക്ക് ആവശ്യപ്പെട്ട മുഴുവൻ പദ്ധതി അടങ്കലും അംഗീകരിച്ചു കിട്ടിയത് തമിഴ്നാടിനും ഗുജറാത്തിനുമാണ്. യഥാക്രമം 5700 കോടി രൂപയും 7600 കോടി രൂപയും ഇവയുടെ പദ്ധതി അടങ്കലുകളിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ള വർദ്ധന യഥാക്രമം 8.6 ശതമാനവും 16 ശതമാനവുമാണ്.

ജനകീയാസൂത്രണത്തിന് പ്ലാനിംഗ് ബോർഡ് ചെലവാക്കിയ തുക

32 (687) ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിനായി 30.3.2000 വരെ എന്തു തുക പ്ലാനിംഗ് ബോർഡിലൂടെ ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിനായി സർക്കാർ വകുപ്പുകളിൽക്കൂടി എന്തുതുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി† ചേർക്കുന്നു.

(ബി) ജനകീയാസൂത്രണത്തിനായി മറ്റു വകുപ്പുകളിൽനിന്നും തുക ചെലവഴിച്ചിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം കടം

33 (688) ശ്രീ. എം. മുരളി :

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ, സ്റ്റാറ്റ്യൂട്ടറി ബോർഡ് എന്നിവ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ മൊത്തം കടം എത്രയാണ്;

(ബി) ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ കടം ആറളാഹരി പത്ര വീതം വരുമെന്ന് പറയാമോ?

ഉത്തരം

(എ) ബി.പി.ഇ. റിവ്യൂ അനുസരിച്ച് 31.3.1999 വരെയുള്ള കാലയള വിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം കടം (ദീർഘകാല വായ്പ) 7851.00 കോടി രൂപയാണ്.

(ബി) പൊതുമേഖലയിലെ ആളോഹരി കടം ഉദ്ദേശം 2600 രൂപയാണ്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നടത്തിയ അന്താരാഷ്ട്ര സെമിനാർ

34 (689)ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നടത്തിയ അന്താ രാഷ്ട്ര സെമിനാറിനോടനുബന്ധിച്ച് പത്രമാദ്ധ്യമങ്ങൾക്ക് പരസ്യം നൽകിയി ട്ടുണ്ടോ;

(ബി) എങ്കിൽ ഏതു പരസ്യ കമ്പനിയോ ഏജൻസിയോ വഴിയാണ് പ്രസ്തുത പരസ്യം നൽകിയത്;

(സി) ഇവയുടെ ഉടമകൾ ആരെല്ലാമാണ്;

(ഡി) ഓരോ പത്രമാധ്യമങ്ങൾക്കും പരസ്യം നൽകിയ വകയിൽ എന്തുതുക ചെലവായി;

(ഇ) ഒട്ടാകെ ഈയിനത്തിൽ എന്തുതുക ചെലവായി?

ഉത്തരം

(എ) ഉണ്ട്.

(ബി) പരസ്യം പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന നൽകുകയാണ് ചെയ്തിട്ടുള്ളത്.

(സി) ചോദ്യം പ്രസക്തമല്ല.

(ഡി)&(ഇ) എ.ബി.സി. ആന്റ് ഇ എന്നീ കാറ്റഗറികളിലുള്ള പത്ര ങ്ങൾക്കാണ് പരസ്യം നൽകിയത്. പത്രപരസ്യത്തിന് ആകെ ചെലവായത് 7.00 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly